"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് ശ്രീ.ജോയ്.കെ.എ.യുടെ ക്യാൻസർ ചികിത്സയ്ക്ക് പലിശ രഹിത ചികിത്സാവായ്പ അനുവദിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1550/2025/ID തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. 18.02.1997 ലെ സ.ഉ.(പി) നം. 45/97/ആ.കു.വ.
2. 02.11.2000 ലെ സ.ഉ.(പി) നം.285/2000/ആ.കു.വ.
3. 20.11.2001 ലെ സ.ഉ.(പി) നം.295/2000/ആ.കു.വ.
4. 22.11.2024 ലെ സ.ഉ.(പി) നം.100/2024/ധന.
5. 14.7.2023 ലെ സ ഉ (പി )നം 73/2023/ധന ഉത്തരവ്
6. വ്യവസായ വാണിജ്യ ഡയറക്ടറുടെ 15.10.2025 ലെ ഡിഐസി/5285/2025-എസി6 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വകുപ്പിൽ ആലുവ താലൂക്ക് വ്യവസായ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. ജോയ്.കെ.എ. - യുടെ (D.O.B 31.5.1979, PEN 198357) ക്യാൻസർ ചികിത്സയ്ക്കായി പലിശ രഹിത ചികിത്സാവായ്പ അനുവദിക്കണമെന്ന 09.09.2025 ലെ തീയതിയിലെ അപേക്ഷ പരാമർശം (6) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ സഹിതം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) മുതൽ (4) വരെ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി വ്യവസായ വാണിജ്യ വകുപ്പിൽ ആലുവ താലൂക്ക് വ്യവസായ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. ജോയ്.കെ.എ. യുടെ ക്യാൻസർ ചികിത്സയ്ക്കായി 7,20,000/- (ഏഴുലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ച് ഉത്തരവാകുന്നു.

എ) ഈ പലിശ രഹിത ചികിത്സ വായ്പയുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ (2025-2026 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 7,20,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.ജോയ്.കെ.എ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാ ചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം

അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും പലിശ രഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ മേപ്പടി പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിത്സാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. വായ്പ ക്രമീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ കൈപ്പറ്റിയ തീയതിയും ഉൾപ്പെടുത്തേണ്ടതാണ്. ജീവനക്കാരൻ വിരമിക്കുന്നതിന് മുമ്പ് പലിശ രഹിത ചികിത്സാ വായ്പ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാത്ത/ക്രമീകരിക്കാത്ത പക്ഷം പരാമർശം 5 ലെ ഉത്തരവ് പ്രകാരം തുക ഈടാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ജോയ്.കെ.എ, (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. (U.O(f)No.G2/1226/2025/H&FWD dated 08.12.2025.)
ധനകാര്യ വകുപ്പ് (U.O(f)No.3359496/Loans-L3/93/2025FIN dated 20.12.2025.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 30-12-2025 17:43:10

സെക്ഷൻ ഓഫീസർ